## പാക് സംയുക്ത അന്വേഷണ സംഘത്തിന്റെ സന്ദർശനത്തെ കുറിച്ച് എന്ഐഎ , ഡയറക്ടർ ജനറലിന്റെ പത്രക്കുറിപ്പ്

ഏപ്രില് 01, 2016

പാകിസ്ഥാനില് നിന്നുമുള്ള സംയുക്ത അന്വേഷണ സംഘം (Joint Investigation Team (JIT) മാര്ച്ച് 27,2016 ഇന്ത്യയില് എത്തി ചേരുകയും കഴിഞ്ഞ അഞ്ചു ദിവസങ്ങളായി പത്താന്കോട്ട് കേസുമായി ബന്ധപ്പെട്ടു എന് ഐ എ ഉദ്യോഗസ്ഥരുമായി ചര്ച്ചകള് നടത്തുകയും ചെയ്തതിനെ കുറിച്ച് നിങ്ങള്ക്കു അറിയാവുന്നതാണ് . മാര്ച്ച് 29, നു അവര് പത്താന് കോട്ട് ആക്രമണം നടന്ന ഇടതു പോകുകയും തീവ്രവാദികള് നുഴഞ്ഞു കയറിയതും ഒളിച്ചിരുന്നതുമായ സ്ഥലങ്ങള് അവരെ കാണിച്ചു കൊടുക്കുകയും ചെയ്തു . അതേ പോലെ ഏറ്റുമുട്ടല് നടന്ന ഇടങ്ങളും. അവര് ഇകര് സിംഗിന്റെ വാഹനം തട്ടിയെടുത്തു അദ്ദേഹത്തെ കൊലപ്പെടുത്തിയ ചെയ്ത ഇടവും തീവ്രവാദികള് എസ് പി സല്വീന്ദര് സിംഗിന്റെ എസ് യു വി മഹീന്ദ്ര തട്ടിയെടുത്ത ഇടവും സന്ദര്ശിച്ചു ,തീവ്രവാദികള് തെരഞ്ഞെടുത്ത വഴികള് സംയുക്ത അന്വേഷണ സംഘത്തിന് കാണിച്ചു കൊടുത്തു . ഇരു രാജ്യങ്ങളും പിന്തുടരുന്ന അന്വേഷണത്തിലെ പൊതു നിയമ പ്രക്രിയയുടെ ഭാഗമാണിത് .

ജനുവരി 2, 2016 നു പത്താന് കോട്ട് ജെയ്ഷെ -ഇ -മൊഹമ്മദ് നടപ്പാക്കിയ തീവ്രവാദ ആക്രമണത്തില് അന്വേഷണം നടത്തുന്ന ജെഐടിക്ക് എന് ഐ എ കാര്യങ്ങള് വിവരിച്ചു . പാകിസ്ഥാന് ജെഐടി എന്എയുമായി പാകിസ്ഥാനില് ഇത് വരെ നടത്തിയ അന്വേഷണങ്ങളുടെഫലം പാകിസ്ഥാന് ജെഐടി തിരികെ പങ്ക് വച്ചു . ജെഐടി അഭ്യര്ഥന കണക്കിലെടുത്തു എന് ഐ എ പോസ്റ്റ്മോര്ടം റിപ്പോര്ട്ടുകളുടെസര്ട്ടിഫൈ ചെയ്ത കോപ്പികള് നല്കി . പ്രക്രിയകളുടെനടപടികളും നിയമ വഴികളും അനുസരിച്ചുള്ള തീരുമാനത്തിന്റെ ഭാഗമായി എസ്പി സല്വിന്ദര് സിംഗ് , അദ്ദേഹത്തിന്റെ കുക്ക് , രാജേഷ് വര്മ്മ , മറ്റ് ചില സാക്ഷികള് എന്നിവര് ഉള്പ്പെടെ 16 സാക്ഷികളുമായി

സംസാരിക്കുവാന് പാകിസ്ഥാന് ജെഐടിക്കു അവസരം നല്കി . പ്രോസിക്യൂഷനില് ഉപകരിക്കുവാനാകുന്ന പാകത്തിനുള്ള തെളിവുകള് പാകിസ്ഥാനു പുറത്തു നിന്നും തങ്ങള് ശേഖരിക്കുന്നത് പാകിസ്ഥാനിലെ സി ആര് പി സിയിലെ സെക്ഷന് 188 അനുസരിച്ചാണ് എന്നു ജെ ഐ ടി ഞങ്ങളെ അറിയിച്ചു

എന് ഐ എ ജെയ്ഷെ മുഹമ്മദ് സംഘടനയുടെ ചില മുതിര്ന്ന അംഗങ്ങളുടെ ശബ്ദ ശേഖരവും വധിക്കപ്പെട്ട തീവ്രവാദി നസീര് ഹുസൈന്റെ മാതാവിന്റെ ഡിഎന്എ സാമ്പിളും ആവശ്യപ്പെട്ടിട്ടുണ്ട് . സംയുക്ത അന്വേഷന് സംഘം പാകിസ്ഥാനിലേക്ക് നേരത്തെ അയച്ച ലെറ്റര് റോഗേറ്ററിയില് സൂചിപ്പിച്ച ആയുധങ്ങളും വെടിക്കോപ്പുകളും ഉള്പ്പെടെ തീവ്രവാദികളില് നിന്നും പിടിച്ചെടുക്കപ്പെട്ട വസ്തുക്കള് നിര്ണയിക്കുവാന് സംയുക്ത അന്വേഷണ സംഘം അഭ്യര്ത്ഥിച്ചിരുന്നു . നാല് തീവ്രവാദികളുടെ മേല്വിലാസവും വ്യക്തിവിവരങ്ങളും എന്ഐഎയും സംയുക്ത അന്വേഷണ സംഘവും പങ്ക് വച്ചു . ആക്രമണത്തിന് ഗൂഡാലോചന നടത്തുകയും തീവ്രവാദികളെ കൈകാര്യം ചെയ്യുകയും അവര്ക്ക് സൌകര്യങ്ങള് ഒരുക്കുകയും അവരെ നയിക്കുകയും ചെയ്ത ജയ്ഷെ ഇ മുഹമ്മദ് സംഘത്തിലെ അംഗങ്ങളെ കുറിച്ചുള്ള ഉറപ്പായ തെളിവുകള് എന്ഐഎ ജെഐടിക്ക് കാണിച്ചു കൊടുക്കുകയും

പരസ്പര വിനിമയത്തില് അടിസ്ഥാനമാക്കി തീരുമാനിച്ച തരത്തിലുള്ള പ്രക്രിയകള് അനുസരിച്ചാണ് സംയുക്ത അന്വേഷണ സംഘവുമായി ഇടപെടലുകള് നടന്നത് . പാകിസ്ഥാന് സംയുക്ത അന്വേഷണ സംഘം അവരുടെ പൂര്ണ സഹകരണവും അവര്ക്ക് ലഭിച്ച എല്ആര് (Letter Rogatory) നടപ്പാക്കുവാനുള്ള ഉറപ്പും നമുക്ക് നല്കി

പത്താന് കോട്ട് ആക്രമണത്തിന്റെ അന്വേഷണം തുടരുന്നതിന്റെ ഭാഗമായി പാകിസ്ഥാന് സന്ദര്ശിക്കുവാന് ഒരു സംഘം എന് ഐ എ ഉദ്യോഗസ്ഥര് ആഗ്രഹിക്കുന്നതായി പാകിസ്ഥാന് സംയുക്ത സംഘത്തെ അറിയിച്ചിട്ടുണ്ട്

**ന്യൂഡെല്ഹി**
**ഏപ്രില് 1, 2016**